# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 132 — 22.03.2013 ലെ മറുപടിക്ക്

### മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ യോജന

ചോദ്യം — മറുപടി

ശ്രീമതി, ഗീതാ ഗോപി:
ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീ. കെ. അജിത്ത്:
ശ്രീ. ഇ.കെ. വിജയൻ:

ശ്രീ. കെ. സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ യോജനയിൽ സംസ്ഥാനത്ത് നിന്നും എത്ര പ്രവാസികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്; | (എ) | ഈ കേന്ദ്ര സർക്കാർ പദ്ധതിയിൽ നാളിതുവരെ സംസ്ഥാനത്തുനിന്ന് 158 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ അംഗത്വമെടുക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; | (ബി) | 18 നും 50 നും മദ്ധ്യേ പ്രായമുള്ളവരും ഇ.സി.ആർ (ECR) പാസ്പോർട്ട് കൈവശമുള്ളതും ഒരു ഇ.സി.ആർ. രാജ്യത്തെ സാധുവായ വർക്ക് പെർമിറ്റ് അഥവാ തൊഴിൽ കരാർ ഉള്ളതോ ആയ ഒരാൾക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതി മുഖേന നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (സി) | പദ്ധതി മുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ താഴെ കൊടുക്കുന്നു:<br>1. പി. എഫ്. ആർ. ഡി. എ (PFRDA) യുടെ നിയന്ത്രണത്തിലുള്ള എൻ. പി. എസ് ലൈറ്റ് (NPS - Lite) മുഖാന്തിരം വാർദ്ധക്യകാല പെൻഷൻ;<br>2. മന്തിലി ഇൻകം സ്കീമിലൂടെ (എം.ഐ.എസ്) തിരിച്ചുവരുന്നതിനും സ്ഥിരതാമസമാകുന്നതിനും വേണ്ട |

| | | |
|---|---|---|
| | | സമ്പാദ്യം (ആർ & ആർ);<br>3) ഐ. ആർ. ഡി. എ. നിയന്ത്രണത്തിലുള്ള ഒരു ഇൻഷ്വറൻസ് കമ്പനി മുഖേന സ്വാഭാവിക മരണം, അപകട മരണം അഥവാ സ്ഥിരമായ അംഗവൈകല്യം എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ. |
| (ഡി) അശാസ്ത്രീയമായ നടപടി ക്രമങ്ങളും ആനുകൂല്യങ്ങളുടെ കുറവുംമൂലം പ്രസ്തുത ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാൻ പ്രവാസികൾ തയ്യാറാകുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ പദ്ധതി വോളണ്ടറിയാണ് (volantary). തങ്ങളുടെതന്നെ ക്ഷേമത്തിനായി പദ്ധതിയിൽ ചേരാനാണ് പ്രവാസികളെ ഉദ്ബോധിപ്പിക്കുന്നത്. വോളണ്ടറി പദ്ധതിയായതിനാൽ അംഗങ്ങളാകുന്നവരുടെ എണ്ണം കുറവാണ്. എന്നാൽ ടി പദ്ധതിക്ക് എന്തെങ്കിലും പോരായ്മകൾ ഉള്ളതായി ചൂണ്ടികാണിക്കപ്പെട്ടിട്ടില്ല എന്ന് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ